പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

11.07.2016 -ൽ മറുപടിക്ക്

ചോദ്യം നം. 995

**കൊച്ചി ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം**

ചോദ്യം | ഉത്തരം

| | ശ്രീ. കെ.ജെ. മാക്സി | | ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം മിനി ഫിഷിങ് ഹാർബറിന്റെ 2ാം ഘട്ട നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടം വരെ എത്തി; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | നബാർഡ് ആർ. ഐ. ഡി. എഫ്. 2015 ൽ ഉൾപ്പെടുത്തി ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ പദ്ധതിക്കായി 2990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഘടകങ്ങളിൽ പുലിമുട്ട് നിർമ്മാണ പ്രവൃത്തി 2000 ലക്ഷം രൂപ ചെലവിട്ട് പൂർത്തിയാക്കിയിട്ടുണ്ട്. ടി പദ്ധതിയിലെ ശേഷിക്കുന്ന ഘടകങ്ങളായ ലേലപ്പുര, അപ്രോച്ച് റോഡ്, ലോക്കർ റൂം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ അവയുടെ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറക്ക് ടി പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. നബാർഡ് ആർ. ഐ. ഡി. എഫ്. 15 ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച് പദ്ധതിയുടെ കാലാവധി 30.06.2016 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. സ്ഥലം ലഭ്യമാകാത്തതിനാൽ ശേഷിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു കിട്ടുവാൻ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുമതി ലഭ്യമാകില്ല എന്നാണ് നബാർഡ് അധികൃതർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറക്ക് |

| | | | |
|---|---|---|---|
| | | | പ്രൈസ് സോഫ്റ്റ് വെയർ മുഖേന ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി നബാർഡിന്റെ അംഗീകാരം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | ഹാർബറിലേയ്ക്കുള്ള റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | ഹാർബറിലേക്കുള്ള റോഡ്, ശേഷിക്കുന്ന അനുബന്ധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവക്കാവശ്യമായ 130.23 ആർ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 4.09.2013 ലെ ജി.ഒ.(ആർ.റ്റി) 537/2013/ആർഡി പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് 11.09.2015 ലെ ജി.ഒ.(ആർ.റ്റി) 750/2015/മത്സ്യ പ്രകാരം ടി ഭൂമി അക്വയർ ചെയ്യുന്നതിന് 10 കോടി രൂപ അനുവദിക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ റവന്യൂവകുപ്പിൽ നിന്നും സ്വീകരിക്കേണ്ടതുണ്ട്. ടി ഭൂമി എത്രയും വേഗം നെഗോഷ്യബിൾ പർച്ചേസ് വഴി ഈ വകുപ്പിന് കൈമാറിക്കിട്ടുന്നതിലേക്ക് അടിയന്തിര നടപടി സ്വീകരിക്കുവാൻ എറണാകുളം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ